## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 4813**

**05.02.2014 - ൽ**
**മറുപടിക്ക്**

### വെള്ളായണി കാർഷിക കോളേജിന്റെ വിപണന കേന്ദ്രം മുഖേനയുള്ള തെങ്ങിൻ തൈ വിൽപ്പന

**ചോദ്യം**
ശ്രീ. എ.എ. അസീസ്

**മറുപടി**
**ശ്രീ.കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) വെള്ളായണി കാർഷിക കോളേജിന് അനുബന്ധമായ വിപണന കേന്ദ്രത്തിൽ നിന്നും ഏതൊക്കെ ഇനം തെങ്ങിൻ തൈകളാണ് വിൽപ്പന നടത്തുന്നത്;

എ) 1. TXD കേരസങ്കര
2. കോമാടൻ
3. WCT നാടൻ

ബി) ഓരോ ഇനം തെങ്ങിൻ തൈയ്ക്കും ഈടാക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

ബി) 1. TXD കേരസങ്കര - 125/- രൂപ
2. കോമാടൻ - 80/- രൂപ
3. WCT നാടൻ - 40/- രൂപ

സി) കൃഷി ഭവനുകൾ വഴി അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈകൾ കൂടുതലായി കർഷകരിലേയ്ക്കെത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സി) ഗുണമേൻമയുള്ള തൈകൾ കർഷകർക്ക് നൽകുന്നതിനായി 8 തെങ്ങിൻതൈ ഉല്പാദനകേന്ദ്രങ്ങൾ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. അത്യുല്പാദനശേഷിയുള്ള TXD, DXT, WCT തുടങ്ങിയ തെങ്ങിൻ തൈകൾ ഫാമുകളിൽ ഉല്പാദിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു. തൃശ്ശൂർ, വടകര, കണ്ണൂർ എന്നീ ജില്ലകളിലെ യൂണിറ്റിൽനിന്നും മാതൃവൃക്ഷങ്ങൾ തിരഞ്ഞെടുത്ത് എല്ലാ വർഷവും നവംബർ മുതൽ മെയ് വരെയുള്ള സമയങ്ങളിൽ നല്ല ഗുണമേൻമയുള്ള തേങ്ങ സംഭരിക്കുന്നു. ഇത് ജില്ലകളിലെ തെങ്ങിൻതൈ ഉല്പാദനകേന്ദ്രങ്ങളിലെ നഴ്സറികളിൽ പാകുന്നു. ഈ നഴ്സറികളിൽ നിന്നും ഗുണനിലവാരമുള്ള രോഗകീടബാധ ഇല്ലാത്ത കരുത്തുറ്റ നല്ലയിനം തെങ്ങിൻ തൈകൾ (1 വർഷം പ്രായമുള്ള) മിതമായ നിരക്കിൽ വില്പന നടത്തുന്നതിനായി കൃഷി ഭവനുകളിൽ കർഷകരുടെ ആവശ്യാനുസരണം ലഭ്യമാക്കുന്നു.

സെക്ഷൻ ഓഫീസർ